# കേരള സർവകലാശാല

നം. പി.ആർ.031/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ഫിൽ ഫലം

കേരള സർവകലാശാല 2015-16 ബാച്ച് രണ്ടാം സെമസ്റ്റർ എം.ഫിൽ ലേണിംഗ് ഡിസേബിലിറ്റീസ് (കാര്യവട്ടം), കൺസൾട്ടിംഗ് സൈക്കോളജി (കാര്യവട്ടം) എന്നീ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എഡ് ഫീസ് അടയ്ക്കാം

കേരള സർവകലാശാല മാർച്ച് 20-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (നോൺ സി.എസ്.എസ് - ദ്വിവത്സരം - 2015 സ്കീം റഗുലർ - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ 2017 ഫെബ്രുവരി 21 (50 രൂപ പിഴയോടെ ഫെബ്രുവരി 23, 250 രൂപ പിഴയോടെ ഫെബ്രുവരി 27) വരെ പരീക്ഷ ഫീസ് അടയ്ക്കാവുന്നതാണ്.

### അക്കിത്തം അച്യുതൻ നമ്പൂതിരി കൃതികളുടെ പ്രദർശനം

2016-ലെ പത്മഭൂഷൺ പുരസ്കാരം ലഭിച്ച മഹാകവി ശ്രീ. അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ കൃതികളുടെ പ്രദർശനം ഫെബ്രുവരി ഏഴ് മുതൽ 14 വരെ കേരള സർവകലാശാല ലൈബ്രറിയിൽ നടത്തുന്നു. ലൈബ്രറി അംഗമല്ലാത്തവർക്കും ഈ പ്രദർശനം കാണാൻ സൗകര്യമുണ്ടായിരിക്കും.

### ബി.ടെക് പരീക്ഷ റദ്ദാക്കി

കേരള സർവകലാശാല ഡിസംബർ ഏഴിന് നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) ഒബ്ജക്ട് ഓറിയന്റഡ് ഡിസൈൻ ആൻഡ് ജാവാ പ്രോഗ്രാമിംഗ് പരീക്ഷ റദ്ദാക്കി. പുന:പരീക്ഷ ഫെബ്രുവരി 17 രാവിലെ 9.30 മുതൽ 12.30 വരെ നടത്തും. പരീക്ഷ കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

### മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ ഇക്കണോമിക്സ് പ്രീവിയസ്, ഫൈനൽ (റഗുലർ/ റീ അപ്പിയറൻസ്) പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ ഫെബ്രുവരി 13, 14 തീയതികളിൽ ഹാൾടിക്കറ്റും, ഡ്രിഗി കോപ്പിയും സഹിതം വന്ന് കൈപ്പറ്റണം.

വിദൂരവിദ്യാഭ്യാസ വിഭാഗം മെയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ബി.എ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ ഫെബ്രുവരി 10, 13, 14 തീയതികളിൽ ഹാൾടിക്കറ്റ് സഹിതം വന്ന് കൈപ്പറ്റണം.

### ബി.കോം പ്രാക്ടിക്കൽ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മൂന്നാം വർഷ ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രാക്ടിക്കൽ ക്ലാസ്സുകൾ ഫെബ്രുവരി 11-ന് പാളയം കാമ്പസിൽ ആരംഭിക്കും.

## എം.എ. ഇസ്ലാമിക് ഹിസ്റ്ററി ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ജൂലായ്/ ആഗസ്റ്റ്/ സെപ്റ്റംബറിൽ നടത്തിയ എം.എ ഇസ്ലാമിക് ഹിസ്റ്ററി (പ്രീവിയസ് & ഫൈനൽ) പരീക്ഷഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ. സംസ്കൃതം ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ജൂലായ്/ ആഗസ്റ്റ്/ സെപ്റ്റംബറിൽ നടത്തിയ എം.എ സംസ്കൃതം (പ്രീവിയസ് & ഫൈനൽ) പരീക്ഷഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എൽ.എൽ.ബി പുതുക്കിയ തീയതികൾ

കേരള സർവകലാശാല ഫെബ്രുവരി 27–ന് ആരംഭിക്കുന്ന ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ.എൽ.എൽ.ബി പരീക്ഷയ്ക്ക് ഫീസ് അടയ്ക്കേണ്ട തീയതികൾ പുതുക്കി. പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 18 (50 രൂപ പിഴയോടെ ഫെബ്രുവരി 21, 250 രൂപ പിഴയോടെ ഫെബ്രുവരി 23) വരെ ഫീസ് അടയ്ക്കാം.

## ലൈബ്രറി & ഇൻഫർമേഷൻ സയൻസ് പരീക്ഷ മാറ്റി

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിന്റെ പി.എം.ജി കേന്ദ്രത്തിലും കൊല്ലം ടി.കെ.എം ആർടസ് ആൻഡ് സയൻസ് കോളേജിലും ശ്രീകാര്യം ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസിലും കാഞ്ഞിരംകുളം ഗവ. ആർട്സ് & സയൻസ് കോളേജിലും ഫെബ്രുവരി 13–ന് നടത്താനിരുന്ന ലൈബ്രറി & ഇൻഫർമേഷൻ സയൻസ് കോഴ്സ് പരീക്ഷ ഫെബ്രുവരി 21–ന് നടത്തും. ഫോൺ : 0471–2302523.

## എം.ബി.എ (2017–19) പ്രവേശനം

കേരള സർവകലാശാല കാര്യവട്ടം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ സി.എസ്.എസ്–ന്റെ കീഴിലുള്ള എം.ബി.എ (ജനറൽ), എം.ബി.എ (ടൂറിസം), യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ (യു.ഐ.എം) എം.ബി.എ (ഫുൾടൈം) കോഴ്സുകൾക്ക് (2017–19) ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 30 വൈകുന്നേരം അഞ്ച് മണിവരെ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ അഡ്മിഷൻ പോർട്ടലിൽ (www.admissions.keralauniversity.ac.in) ലഭിക്കും.

(കേരളത്തിലെ എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)

തിരുവനന്തപുരം. | പബ്ലിക് റിലേഷൻസ് ഓഫീസർ
08.02.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098